# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3419** — **21.12.2012-ൽ മറുപടിക്ക്**

## നീര ഉത്പാദനം

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക | | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|---|
| എ) തെങ്ങിൽ നിന്നും നീര ഉത്പാദിപ്പിക്കുന്നതിന് അനുവാദം നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;<br><br>ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | എ) & ബി) | വ്യാവസായികാടിസ്ഥാനത്തിൽ തെങ്ങിൽ നിന്നും നീര ഉൽപ്പാദിപ്പിക്കുന്നതിന് നികുതി വകുപ്പ് അനുമതി നൽകിയിട്ടില്ല. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കാസർഗോഡ് ജില്ലയിലെ നിലേശ്വരം ഫാമിൽ പരീക്ഷണാടിസ്ഥാനത്തിൽ നീര ഉൽപ്പാദിപ്പിക്കുന്നതിന് മാത്രം എക്സൈസ് വകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. |
| സി) നീര ഉത്പാദനം നടത്തുന്നത് സംബന്ധിച്ച് കൃഷി വകുപ്പ് മന്ത്രി പത്രത്തിൽ ലേഖനമോ കത്തോ പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | സി) | ഇല്ല |
| ഡി) എങ്കിൽ ഇത് സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുമോ? | ഡി) | ബാധകമല്ല |

Swapna.

**സെക്ഷൻ ആഫീസർ**